## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.270</u> <u>23.01.2018 ൽ മറുപടിക്ക്</u>

### <u>കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രി</u>

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒ.പി.യിൽ ഒരു ദിവസം ശരാശരി എത്ര രോഗികൾ വരുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒരു ദിവസത്തെ ശരാശരി ഒ.പി.2742 ആകുന്നു. |
| (ബി) | ഒ.പി.യിലും, ഫാർമസിയിലും, ലാബുകളിലും തിരക്കുകാരണം രോഗികൾ വിഷമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഒ.പി. യിലേക്കും, ഫാർമസിയിലേക്കും, ലാബുകളിലേക്കും തിരക്ക് നിയന്ത്രിച്ച് രോഗികൾക്ക് സൗകര്യപ്രദമായ രീതിയിൽ സേവനം നൽകുന്നതിനാവശ്യമായ എന്തെല്ലാം സജ്ജീകരണങ്ങളാണ് ആശുപത്രി അധികൃതർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (സി) | ആരോഗ്യ വകുപ്പിലെ ജില്ലാതല ആശുപത്രി ഒ.പി.കളിൽ തിരക്ക് കുറയ്ക്കുവാനും ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുവാനുമുള്ള പ്രവർത്തനങ്ങൾക്ക് (ഒ.പി.ട്രാൻസ്ഫർമേഷൻ) ആർദ്രം മിഷന്റെ ഭാഗമായി തുടക്കം കുറിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിനു കീഴിൽ 17 ആശുപത്രികളിൽ ആണ് ഇത്തരം സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി പട്ടികയിൽ കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ടി സ്ഥാപനത്തിൽ ഒ.പി., ഫാർമസി, ലാബ് എന്നിവിടങ്ങളിൽ രോഗികൾക്കായി മേൽക്കൂരയോടുകൂടിയ ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം എന്നിവയും ടോക്കൺ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ